**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1099** **05-03-2018 ൽ മറുപടിക്ക്**

**ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് പട്ടയം**

| **ചോദ്യം** | | **മറുപടി** |
| --- | --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പുറമ്പോക്ക് ഭൂമിയിൽ കാലങ്ങളായി പ്രവർത്തിച്ചു വരുന്നതും സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളതും ആയ വായനശാലകൾക്ക് ഭൂമിയുടെ പട്ടയം ഇല്ലാത്തതുകൊണ്ട് പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് ഗ്രാന്റ് ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) വളരെയേറെ വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ പ്രവർത്തിച്ചു വരുന്ന ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എയും)<br>(ബിയും) | ഉണ്ട്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും നിയമപരമായ കൈവശാവകാശ രേഖയില്ലാതെ ഭൂമി കൈവശം വച്ചുവരുന്നതുമായ ലൈബ്രറികൾക്ക് പട്ടയം അനുവദിച്ചു കിട്ടുന്നതിനുള്ള പ്രൊപ്പോസൽ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ